# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 184**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളിക്കൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്*

കർത്താവിൽ വാത്സല്യമുള്ളവരെ,

*'ഭൂമി അതിലെ നിവാസികളാൽ മലിനമായിരിക്കുന്നു; അവർ പ്രമാണങ്ങളെ ലംഘിച്ചു ചട്ടത്തെ മറിച്ചു നിത്യനിയമത്തിന്നു ഭംഗംവരുത്തിയിരിക്കുന്നു.' (യെശയ്യാവ് 24:5)*

2026 ജൂൺ മാസം 14–ാം തീയതി പരിസ്ഥിതി ഞായറാഴ്ചയായി സഭ വേർതിരിച്ചിരിക്കുന്നു. ഇന്ന് പ്രപഞ്ചം അഭിമുഖീകരിക്കുന്ന പാരിസ്ഥിതിക പ്രതിസന്ധി നമ്മെ ബാധിക്കാത്തതോ നമ്മിൽ നിന്നും ദൂരെയുള്ളതോ അല്ല. വർദ്ധിച്ചുവരുന്ന ആഗോള താപനില, ക്രമരഹിതമായ മഴ, വിനാശകരമായ വെള്ളപ്പൊക്കം, നീണ്ടുനിൽക്കുന്ന വരൾച്ചയും കഠിന ചൂടും, തീവ്രമാകുന്ന ചുഴലിക്കാറ്റുകൾ, ജൈവവൈവിധ്യത്തിന്റെ വ്യാപകമായ നഷ്ടം എന്നിങ്ങനെയുള്ള ഭയാനകമായ പാരിസ്ഥിതിക മാറ്റങ്ങൾക്ക് കഴിഞ്ഞ നാളുകളിൽ നാം സാക്ഷ്യം വഹിച്ചു. മനുഷ്യന്റെ അമിതത്വത്തിന്റെയും അവഗണനയുടെയും ഫലമായി ഞരങ്ങുന്ന ഒരു സൃഷ്ടിയിലേക്കാണ് ഈ യാഥാർത്ഥ്യങ്ങൾ വിരൽ ചൂണ്ടുന്നത്.

ഈ പ്രതിസന്ധിയുടെ അനന്തര ഫലങ്ങൾ നമ്മെ ബാധിക്കുന്നത് തുല്യമായിട്ടല്ല. ഏറ്റവും ദുർബലരായവർ – തദ്ദേശീയ സമൂഹങ്ങൾ, ദരിദ്രർ, സ്ത്രീകൾ, കുട്ടികൾ, പ്രായമായവർ, വൈകല്യമുള്ളവർ എന്നിവർ ഇതിന്റെ ഏറ്റവും വലിയ ഭാരം വഹിക്കുന്നു. പരിസ്ഥിതി തകർച്ച ഭക്ഷ്യ അരക്ഷിതാവസ്ഥ, കുടിയേറ്റ – കുടിയിറക്കങ്ങൾ, സംഘർഷങ്ങൾ എന്നിവ തീവ്രമാക്കിയിട്ടുണ്ട്. ഇത് ദശലക്ഷക്കണക്കിന് ആളുകളുടെ ജീവിതത്തിന്റെയും അന്തസ്സിന്റെയും ഘടനയെ ഭീഷണിപ്പെടുത്തുന്നു. നാം സാക്ഷ്യം വഹിക്കുന്നത് വെറുമൊരു പാരിസ്ഥിതിക പ്രശ്നമല്ല, മറിച്ച് ആഴത്തിലുള്ള ധാർമ്മികവും ആത്മീയവുമായ പ്രതിസന്ധിയാണ്.

ഈ വർഷം, ജൂൺ 14 പരിസ്ഥിതി ഞായറാഴ്ചയായും അതോടു ചേർന്നുള്ള ആഴ്ച പരിസ്ഥിതി വാരവുമായും എല്ലാ ഇടവകകളും സ്ഥാപനങ്ങളും ആചരിക്കുകയും പാരിസ്ഥിതിക അവബോധം ആഴത്തിലാക്കാനും അത്മാർത്ഥമായ പ്രവർത്തനത്തിലേക്ക് വിവർത്തനം ചെയ്യാനും പരിശ്രമിക്കുകയും ചെയ്യണം. നമ്മുടെ ഇടവകകളെ പരിസ്ഥിതി സൗഹൃദപരവും സുസ്ഥിരവും കൂടുതൽ മാലിന്യരഹിതവുമാക്കുന്നതിന് പ്രത്യേക ഊന്നൽ നൽകണം.

ദൈവത്തിന്റെ സൃഷ്ടി ഞരങ്ങുമ്പോൾ വിശ്വാസ സമൂഹം എന്ന നിലയിൽ നമുക്ക് നിസ്സംഗത പാലിക്കാൻ കഴിയില്ല. ഭൂമിയോടുള്ള പരിചരണം ഐച്ഛികമല്ല – അത് നമ്മുടെ ആത്മീയതയുടെയും ശിഷ്യത്വത്തിന്റെയും ദൈവത്തോടുള്ള അനുസരണത്തിന്റെയും പ്രകടനമാണ്. കാത്തുസൂക്ഷിപ്പാനും പരിപാലിക്കാനും നമ്മെ ഏൽപ്പിച്ച സൃഷ്ടിയെ സംരക്ഷിക്കുക എന്നത് നമ്മുടെ കടമയും ഉത്തരവാദിത്തവുമാണെന്ന് മനസിലാക്കി ജാഗ്രതയോടെ പ്രവർത്തിക്കണം എന്ന് ഉദ്ബോധിപ്പിക്കുന്നു

നമ്മുടെ കർത്താവേശു മ്ശിഹായുടെ കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ

എന്ന് ക്രിസ്താബ്ദം 2026 മെയ് 09 – ാം തീയതി തിരുവല്ല പൂലാത്തീനിൽ നിന്നും

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

# FROM THE APOSTOLIC SEE OF MALANKARA METROPOLITAN DR. THEODOSIUS MAR THOMA

**Circular No. 184**

Blessings to all the vicars, resident clergy, trustees
and members of all the parishes under our authority.

Dearly beloved in Christ,

*"The earth is defiled by its inhabitants; they have transgressed the laws, violated the statutes, and broken the everlasting covenant." – Isaiah 24:5*

We observe June 14, 2026, as Environment Sunday in all our parishes. The environmental crisis confronting the world today is neither something that does not affect us nor something far removed from us. In recent times, we have witnessed alarming environmental changes such as rising global temperatures, irregular rainfall, devastating floods, prolonged droughts and extreme heat, intensifying cyclones, and the widespread loss of biodiversity. These realities point towards a creation that groans as a result of human excess and neglect.

The consequences of this crisis do not affect everyone equally. The most vulnerable indigenous communities, the poor, women, children, the elderly, and persons with disabilities bear its greatest burden. Environmental degradation has intensified food insecurity, migration and displacement, and conflicts. It threatens the lives, dignity, and stability of millions of people. What we are witnessing is not merely an environmental issue, but a profound moral and spiritual crisis.

This year, all parishes and institutions are requested to observe June 14 as Environment Sunday and the following week as Environment Week, striving to deepen environmental awareness and design action plans accordingly. Special emphasis should be given to making our parishes environmentally friendly, sustainable, and increasingly free from waste.

As God's creation groans, we as a community of Believers cannot remain indifferent. Caring for the earth is not optional — it is an expression of our spirituality, discipleship, and obedience to God. We are reminded to act with vigilance, recognizing that protecting the creation entrusted to us for care and stewardship is both our duty and responsibility.

May the grace of our Lord Jesus Christ be with you all.

Dated 9th May 2026 from Poolatheen, Thiruvalla

**Dr. Theodosius Mar Thoma Metropolitan**

## മാർത്തോമ്മാ സഭ പരിസ്ഥിതി കമ്മീഷൻ

***'അത്യാവശ്യമായ കാലാവസ്ഥാ പ്രവർത്തനവും സ്ഥിരതയാർന്ന ജീവിതവും'***

***എന്ന വിഷയത്തെ ആസ്പദമാക്കി ഇടവകകൾക്കായി നൽകുന്ന***

***10 പ്രായോഗിക നിർദ്ദേശങ്ങൾ***

1. **പ്ലാസ്റ്റിക് രഹിത ആരാധനയും പരിപാടികളും:** നമ്മുടെ പള്ളിയിലെ എല്ലാ ചടങ്ങുകളിലും, ആഘോഷങ്ങളിലും, യോഗങ്ങളിലും ഒരു തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഒഴിവാക്കുക. പുനരുപയോഗിക്കാവുന്ന പാത്രങ്ങളും അലങ്കാരങ്ങളും ഉപയോഗിക്കുക.
2. **വൈദ്യുതി ഉപയോഗത്തിൽ ഉത്തരവാദിത്തം:** LED ലൈറ്റുകൾ ഉപയോഗിക്കുക, വൈദ്യുതി പാഴാക്കൽ ഒഴിവാക്കുക, സാധ്യമായിടത്ത് സൗരോർജ്ജ സംവിധാനങ്ങൾ സ്ഥാപിക്കുക.
3. **ഹരിത ഇടവക പരിസരം:** പള്ളിയുടെ പരിസരത്ത് വൃക്ഷങ്ങൾ, ഔഷധസസ്യങ്ങൾ, പച്ചക്കറികൾ എന്നിവ നട്ടു വളർത്തി ജൈവവൈവിധ്യം സംരക്ഷിക്കുക.
4. **ജലസംരക്ഷണ പ്രവർത്തനങ്ങൾ:** മഴവെള്ള ശേഖരണം ആരംഭിക്കുക, ജലത്തിന്റെ പാഴ് വിനിയോഗം ഒഴിവാക്കുക, ശരിയായ ഡ്രെയിനേജ് സംവിധാനങ്ങൾ ഉറപ്പാക്കുക.
5. **സ്ഥിരതയാർന്ന ജീവിതശൈലി പ്രോത്സാഹനം:** പള്ളിയംഗങ്ങൾ ഉപഭോഗം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, ജൈവമാലിന്യങ്ങൾ കമ്പോസ്റ്റ് ചെയ്യുക, സ്വദേശീയ ഉൽപ്പന്നങ്ങൾ പിന്തുണയ്ക്കുക.
6. **പരിസ്ഥിതി ദൈവശാസ്ത്ര ബോധവൽക്കരണം:** ബൈബിൾ പഠനങ്ങൾ, സെമിനാറുകൾ, പ്രസംഗങ്ങൾ എന്നിവ വഴി സൃഷ്ടിപരിപാലനത്തിന്റെ ആത്മീയ അർത്ഥം പഠിപ്പിക്കുക.
7. **മാലിന്യവേർതിരിവും കമ്പോസ്റ്റിംഗും:** പള്ളിയിൽ ജൈവവും അജൈവവുമായ മാലിന്യങ്ങൾ വേർതിരിക്കാൻ സംവിധാനം ഒരുക്കുക. ജൈവമാലിന്യം വളമായി ഉപയോഗിക്കുക.
8. **ഹരിത ആഘോഷങ്ങളും ചടങ്ങുകളും:** വിവാഹങ്ങൾ, സംസ്കാരച്ചടങ്ങുകൾ, മറ്റ് ആഘോഷങ്ങൾ എന്നിവ പരിസ്ഥിതി സൗഹൃദമായി നടത്തുക; അനാവശ്യ ചെലവും മാലിന്യവും കുറയ്ക്കുക.
9. **യുവജനങ്ങളും കുട്ടികളും പരിസ്ഥിതി സംരക്ഷകർ:** സണ്ടേസ്കൂൾ, യുവജനസഖ്യം എന്നിവ വഴി വൃക്ഷത്തൈ നടീൽ, ശുചീകരണ പ്രവർത്തനങ്ങൾ, ബോധവൽക്കരണ ക്യാമ്പുകൾ എന്നിവ നടത്തുക.
10. **സമൂഹപങ്കാളിത്തവും പ്രചരണവും:** പ്രാദേശിക സംഘടനകളുമായി ചേർന്ന് പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കെടുക്കുക; സൃഷ്ടിയെ നശിപ്പിക്കുന്ന പ്രവണതകൾക്കെതിരെ ശബ്ദമുയർത്തുക.

*****

* മലങ്കര മാർത്തോമ്മാ സുറിയാനി സഭയ്ക്കായി, പരിസ്ഥിതി കമ്മീഷനിൽ കൂടി നടത്തപ്പെടുന്ന വിവിധ പ്രവർത്തനങ്ങൾ, വിവിധ രീതിയിൽ നടത്തപ്പെടുന്ന എല്ലാ പരിസ്ഥിതി ശുശ്രൂഷകൾക്കായും നമുക്ക് പ്രാർത്ഥിക്കാം

***മൗനമായി പ്രാർത്ഥിക്കാം***

**സമർപ്പണ പ്രാർത്ഥന** (എല്ലാവരും ചേർന്ന്)

ദൈവമേ നിന്റെ സ്നേഹത്താലും കൃപയാലും സൃഷ്ടിച്ച ഈ ഭൂമിയോട് ചേർന്ന് സഹജീവനത്തിന്റെ നവദർശനം രൂപപ്പെടുത്താനും നീ സൃഷ്ടിയെ നോക്കി നല്ലതു എന്ന് കണ്ടതുപോലെ ഞങ്ങളും ചുറ്റുമുള്ള പ്രകൃതിയേയും, മനുഷ്യരെയും, ചരാചരങ്ങളെയും ദൈവീക കാഴ്ചയിൽ കാണുവാനും ഞങ്ങളെ സമർപ്പിക്കുന്നു. ദൈവമേ, ഞങ്ങൾക്ക് ദാനമായി നൽകിയ ഈ പ്രപഞ്ചത്തെ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യത്താൽ മലിനമാക്കി എന്നുള്ള ബോധ്യത്താൽ അത്തരം പ്രവർത്തനങ്ങളിൽ നിന്നും ഒഴിഞ്ഞു നില്ക്കുവാനും ജീവന്റെ സമഗ്രത ഏവർക്കും അനുഭവവേദ്യമാകുവാനും ഉള്ള പ്രവർത്തനങ്ങൾക്കായി ഞങ്ങളെ സമർപ്പിക്കുന്നു. ഞങ്ങളുടെ ഈ സമർപ്പണം സ്വീകരിച്ച് ഞങ്ങളെ ഇതിനായി ശക്തീകരിക്കേണമേ. **ആമേൻ**

# മലങ്കര മാർത്തോമ്മാ സുറിയാനി സഭ

## പരിസ്ഥിതി ഞായറാഴ്ച - 2026 ജൂൺ 14

## ആരാധനക്രമം

***(മെത്രാപ്പോലീത്തായുടെ അംഗീകാരത്തോട് കൂടിയത്)***

**ഗീതം**

**കൗമാ**

**പ്രാരംഭപ്രാർത്ഥന**

സകല സൃഷ്ടിയെയും തന്റെ സ്നേഹത്താൽ സൃഷ്ടിക്കുകയും, സൃഷ്ടിയുടെ ഭാഗമായി നിലനിൽക്കുകയും ചെയ്യുന്ന ദൈവമേ, നിന്റെ ദിവ്യ ജ്ഞാനത്താൽ ഈ പ്രപഞ്ചത്തെ രൂപപ്പെടുത്തിയ ദിവ്യഉദ്ദേശ്യത്തിനായി അതിന്റെ മനോഹാരിതയ്ക്കായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. കാണുന്നതും കാണപ്പെടാത്തതുമായ സർവ്വചരാചരങ്ങളുമൊരുമിച്ച് ഈ ലോകത്തിൽ നിന്റെ കൃപയനുഭവിച്ച് ജീവിപ്പാനുള്ള സാധ്യതകൾക്കായി നിന്നെ ഞങ്ങൾ മഹത്വപ്പെടുത്തുന്നു. ദൈവമേ, ജീവന്റെ നിലനില്പ്പും, പൂർണ്ണതയും ഈ ഭൂമിയുമായി വേർതിരിക്കാനാവാതെ ബന്ധപ്പെട്ട് നില്ക്കുന്നു എന്ന പരിപൂർണ്ണ ബോധ്യത്തോടെ സൃഷ്ടിയെ വീണ്ടെടുക്കുന്ന രക്ഷാചരിത്രത്തിനായി ഞങ്ങൾ അങ്ങയെ വന്ദിക്കുന്നു. മനുഷ്യന്റെ ജീവിതം പ്രകൃതിക്ക് മേലുള്ള അധികാരമല്ല, മറിച്ച് സഹജീവനമാണെന്നുള്ള തിരിച്ചറിവിനായി നിന്നെ ഞങ്ങൾ വാഴ്ത്തുന്നു. സർവ്വത്തെയും ഉളവാക്കുകയും, പുനർനിർമ്മിക്കുകയും ചെയ്യുന്ന പിതാവും പുത്രനും പരിശുദ്ധറൂഹായുമാകുന്ന ത്രീയേക ദൈവമേ സകല ആരാധനയും പുകഴ്ചയും നിനക്ക് ഞങ്ങൾ അർപ്പിക്കുന്നു. **ആമേൻ**

**അനുതാപ പ്രാർത്ഥന**

***'ഞങ്ങളോട് ക്ഷമിക്കണമേ'*** എന്ന് പ്രതിവാക്യമായി പറയണം.

1. ദൈവമേ, ഞങ്ങൾ സർവ്വസൃഷ്ടിയുടെ ഭാഗമാണെന്നു തിരിച്ചറിയാതെ ഈ പ്രപഞ്ചത്തെയും അതിലെ വിഭവങ്ങളെയും ചൂഷണത്തിന്റെ കണ്ണുകളോടെ കാണുകയും സ്വന്തം ലാഭത്തിനായി ചുറ്റുമുള്ളവയെ ചൂഷണത്തിനും, അടിച്ചമർത്തലിനും ഇടയാക്കിയ

ഞങ്ങളുടെ വിചാരങ്ങളെയും, കാഴ്ചപ്പാടുകളെയും, പ്രവർത്തികളെയും ദൈവമേ...

**പ്രതി: ഞങ്ങളോട് ക്ഷമിക്കണമേ**

2. സർവ്വ ചരാചരങ്ങളുടെയും വിലാപങ്ങളുടെയും മുറവിളികളുടെയും നടുവിൽ അത് ശ്രദ്ധിക്കാതെയും ചുറ്റും പ്രകൃതിക്ഷോഭങ്ങളും കാലാവസ്ഥമാറ്റവും വരുത്തുന്ന ഭീകരമായ പ്രതിഫലനങ്ങൾ കൺമുൻപിൽ നടക്കുന്നത് കാണാതെയും സ്വാർത്ഥതയിലും അരാഷ്ട്രീയതയിലും ജീവിച്ച കുറവുകളെ ദൈവമേ...

**പ്രതി: ഞങ്ങളോട് ക്ഷമിക്കണമേ**

3. അശാസ്ത്രീയവും പരിസ്ഥിതി വിരുദ്ധവുമായ നിർമ്മിതികളാലും പ്ലാസ്റ്റിക് മാലിന്യങ്ങളുടെ അമിത ഉപയോഗത്താലും, ലോകത്തെ വിഴുങ്ങുന്ന മൂലധന ചൂഷകരുടെകൂടെ പക്ഷം ചേർന്നും മാലിന്യ നിർമാർജന പിഴവുകളാൽ മലിനമാക്കിയ വായു, ജലം, മണ്ണ് എന്നിവയുടെ മലീനീകരണത്തിലും ഞങ്ങൾ അറിഞ്ഞോ അറിയാതയോ പങ്കു ചേർന്ന ഞങ്ങളുടെ കുറവുകളെ ദൈവമേ...

**പ്രതി: ഞങ്ങളോട് ക്ഷമിക്കണമേ**

## സ്തോത്ര പ്രാർത്ഥന

*'എന്റെ ആത്മാവേ, യഹോവയെ വാഴ്ത്തുക; എന്റെ ദൈവമായ യഹോവേ, നീ ഏറ്റവും വലിയവൻ; മഹത്വവും തേജസ്സും നീ ധരിച്ചിരിക്കുന്നു; വസ്ത്രം ധരിക്കുമ്പോലെ നീ പ്രകാശം ധരിച്ചിരിക്കുന്നു; തിരശ്ശീലപോലെ ആകാശത്തെ വിരിക്കുന്നു.'*സ

***'ഞങ്ങൾ നിനക്ക് നന്ദി അർപ്പിക്കുന്നു.'*** എന്ന് പ്രതിവാക്യമായി പറയണം

1. ഞങ്ങളുടെ യാതൊരു ശ്രമവും ഇല്ലാതെ ഞങ്ങൾക്ക് ദാനമായി നൽകിയ വായു, ജലം, ജൈവസമ്പത്ത് തുടങ്ങിയവയ്ക്കായും ഇന്നും അത് നിരന്തരമായി ലഭ്യമാകാൻ ഇടയാക്കുന്ന എല്ലാ മുഖാന്തരങ്ങൾക്കായും ദൈവമേ...

**പ്രതി: ഞങ്ങൾ നിനക്ക് നന്ദി അർപ്പിക്കുന്നു.**

2. സമസൃഷ്ടികളോടും സൃഷ്ടാവിനോടുമുള്ള സ്നേഹത്താൽ, അനുദിനവും ഈ ഭൂമിക്കായി അതിന്റെ പൂർണ്ണതയ്ക്കായി നിലനില്ക്കുന്ന എല്ലാ മനുഷ്യർക്കായും വിവിധ സംഘടനകൾക്കായും അവരുടെ അധ്വാനങ്ങൾക്കായും ദൈവമേ....

**പ്രതി: ഞങ്ങൾ നിനക്ക് നന്ദി അർപ്പിക്കുന്നു.**

3. സഭയിലൂടെയും, ഇടവകകളിലൂടെയും സംഘടനകളിലൂടെയും നടത്തപ്പെടുന്ന പാരിസ്ഥിതിക പ്രവർത്തനങ്ങൾക്കായും, സഭയുടെ ഇക്കോളജിക്കൽ കമ്മീഷൻ, മറ്റ് സംഘടനകൾ എന്നിവയ്ക്കായും അവരിലൂടെ സംവേദനം ചെയ്യപ്പെടുന്ന മൂല്യങ്ങൾക്കായും ദൈവമേ....

**പ്രതി: ഞങ്ങൾ നിനക്ക് നന്ദി അർപ്പിക്കുന്നു.**

## മധ്യസ്ഥ പ്രാർത്ഥന

* സർവ്വസൃഷ്ടിക്കായും അതിന്റെ പൂർണ്ണതയ്ക്കായും നമുക്ക് പ്രാർത്ഥിക്കാം

***മൗനമായി പ്രാർത്ഥിക്കാം***

* ആഗോള താപനം, കാലാവസ്ഥ വ്യതിയാനം, അടിസ്ഥാന വിഭവങ്ങളുടെ ചൂഷണം എന്നിവ മൂലം കാലാവസ്ഥ അഭയാർത്ഥികളായി പലായനത്തിനു നിർബന്ധിതരായവർക്കു വേണ്ടി നമുക്ക് പ്രാർത്ഥിക്കാം

***മൗനമായി പ്രാർത്ഥിക്കാം***

* ഭൂമിയെ മലിനമാക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങളുടെ നിർമ്മാർജ്ജനത്തിനായും അതിന്റെ പുനരുപയോഗത്തിനായും പ്രവർത്തിക്കുന്ന സർക്കാർ സംവിധാനങ്ങൾ, സംഘടനകൾ, പ്രവർത്തകർ എന്നിവർക്കായി പ്രാർത്ഥിക്കാം

***മൗനമായി പ്രാർത്ഥിക്കാം***

Let us pray silently

3. Let us pray for government agencies, organizations, and activists working to eliminate plastic waste that pollutes the earth and for its recycling.

Let us pray silently

4. Let us pray for the Malankara Mar Thoma Syrian Church, for the various activities carried out by the Ecological Commission, and for all ecological awareness services carried out in various ways

Let us pray silently

### Prayer of Dedication (*all together*)

God, we dedicate ourselves to have a new vision of coexistence with this earth that you created with your love and grace, and to see us, the nature around us, humans, and animals with divine vision, as you have seen creation. O God, we dedicate us to refrain from polluting this universe that has been given to us as a gift, with waste, including plastic. May everyone experience the integrity of life. Accept our dedication and strengthen us for this. **Amen**.

# Malankara Mar Thoma Syrian Church

## Ecological Sunday - 14 June 2026

## Order of Worship

**(With the approval of the Metropolitan)**

### Hymn

### Kauma

### Opening Prayer

O God, who created all creation with your love and who remains part of creation, we praise you for the divine purpose in which you shaped this universe with your divine wisdom and for its beauty. We glorify you for the possibilities of living in this world, where all beings, both seen and unseen, come together and experience your grace. O God, we worship you for the history of salvation that redeems creation with the complete conviction that the existence and fullness of life are inseparably connected to this earth. We praise you for the realization that human life is not a matter of power over nature, but of coexistence. We offer all worship and praise to you, O Triune God, Father, Son, and Holy Spirit, who creates and recreates all things. **Amen**.

## Prayer of Repentance

The response shall be, ‘Forgive us.’

1. Our thoughts, views, and actions have led to exploitation and oppression of those around us for our own profit, without realizing that we are part of all creation, O God...

Response: Forgive us

2. Our shortcomings that have led us to live selfishly and apolitically, without paying attention to all the chaos, laments, and cries, without seeing the terrible consequences of natural disasters and climate change happening before our eyes, O God...

Response: Forgive us

3. Our shortcomings have knowingly or unknowingly contributed to the pollution of air, water, and soil through unscientific and environmentally unfriendly construction, excessive use of plastic waste, and by siding with the capitalist exploiters who devour the world, and by polluting it with waste disposal errors, O God...

Response: Forgive us

## Prayer of Thanks

*‘Bless the Lord, O my soul; O Lord my God, for you are great; you are clothed with majesty and glory; you are clothed with light as with a garment; you stretch out the heavens like a curtain.’*

The response shall be, ‘ We give you thanks’

1. For the air, water, and living resources that have been given to us without our effort, O God, and for all the means by which they are continually available to us today...

Response: We give you thanks.

2. For all the people and organizations that, out of love for fellow creatures and the Creator, exist day after day for this earth and for its perfection, O God...

Response: We give you thanks.

3. For the ecological work carried out through the Church, parishes and organizations, for the Ecological Commission of the Church and other organizations, and for the values communicated through them, O God....

Response: We give you thanks.

## Intercessory Prayer

1. Let us pray for all creation and its perfection

Let us pray silently

2. Let us pray for those who have been forced to flee as climate refugees due to global warming, climate change, and the exploitation of basic resources